# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 19**

**JUNE 19**

**2018**

*1193 മിഥുനം 5 ചൊവ്വ*

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ശബരിമല: യോഗം 28ന്**

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ മാസം 28ന് രാവിലെ 10.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. (പിഎൻപി 1557/18)

**ഓൺലൈൻ ബോധവത്ക്കരണ സെമിനാർ**

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)ന്റെ സഹകരണത്തോടെ ആശയവിനിമയം: സംസാര മല്ലാതെ മറ്റ് മാർഗങ്ങൾ എന്ന വിഷയത്തിൽ കുട്ടികളുടെ രക്ഷിതാക്കൾക്ക് വേണ്ടി ഓൺലൈൻ ബോധവത്ക്കരണ സെമിനാർ നടത്തും. ഈ മാസം 23ന് രാവിലെ 10ന് ആറന്മുള കച്ചേരിപ്പടി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ നടത്തുന്ന സെമിനാറിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് പങ്കെടുക്കാം. ഫോൺ: 0468 2319998. (പിഎൻപി 1558/18)

**വോളന്റിയറായി പ്രവർത്തിക്കാൻ അപേക്ഷിക്കാം**

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ വോളന്റിയറായി പ്രവർത്തിക്കുവാൻ

താത്പര്യമുള്ള സന്നദ്ധ സംഘടനകൾക്ക് അപേക്ഷിക്കാം. സാമൂഹ്യനീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടനകൾക്ക് മുൻഗണന ലഭിക്കും. ആവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിലോ വനിതാ ശിശുവികസന ഡയറക്ടർ, ഐസിപിഎസ്, ജയിൽ ഹെഡ്ക്വാർട്ടേഴ്സിന് എതിർവശം, തിരുവനന്തപുരം എന്ന വിലാസത്തിലോ ഈ മാസം 30ന് മുമ്പ് നൽകണം. ഫോൺ: 0471 2342235, 0468 2319998. (പിഎൻപി 1559/18)

## ക്വിസ്, ഉപന്യാസ രചന മത്സരം

പാനീയ ചികിത്സാ വാരാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വയറിളക്ക രോഗങ്ങളെക്കുറിച്ചും മറ്റ് ജലജന്യ രോഗങ്ങളെക്കുറിച്ചും കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ക്യാൻസർ സെന്റർ ഹാളിൽ ഈ മാസം 23ന് രാവിലെ 10ന് ക്വിസ് മത്സരവും 11ന് ഉപന്യാസ രചന മത്സരവും നടത്തും. ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കും ഉപന്യാസ രചന മത്സരത്തിൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കും പങ്കെടുക്കാം. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് 2000, 1500, 1000 രൂപ വീതം ക്യാഷ് പ്രൈസ് ലഭിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ മത്സരത്തിന് അര മണിക്കൂർ മുമ്പ് എത്തണം. ഫോൺ: 9447694908, 9447472562.

(പിഎൻപി 1560/18)

## വാഹനം ആവശ്യമുണ്ട്

ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെ ഔദ്യോഗിക ഉപയോഗത്തിന് 2018-19 സാമ്പത്തിക വർഷം ടാക്സിപെർമിറ്റുള്ള കാർ കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ഈ മാസം 28ന് വൈകിട്ട് മൂന്ന് വരെ ദർഘാസ് സ്വീകരിക്കും. ഫോൺ: 0468 2224130. (പിഎൻപി 1561/18)

## യാത്രാ സൗകര്യത്തിന് അപേക്ഷിക്കാം

ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠനം നടത്തുന്നതും ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്നതുമായ പട്ടികവർഗ വിദ്യാർഥികൾക്ക് സ്കൂളിൽ പോയിവരുന്നതിനുള്ള യാത്രാ സൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിയിൽ അർഹതയുള്ള സ്കൂളുകളെ ഉൾപ്പെടുത്തുന്നതിന് സ്ഥാപന മേധാവികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരം റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ലഭിക്കും. ഫോൺ: 04735 227703.

(പിഎൻപി 1562/18)

## മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.മോഹൻ കുമാർ ജൂലൈ 27ന് പത്തനംതിട്ട ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ക്യാമ്പ് സിറ്റിംഗ് നടത്തും.

(പിഎൻപി 1563/18)

## ഐഎച്ച്ആർഡി കോളേജുകളിൽ പി.ജി.പ്രവേശനം

ഐഎച്ച്ആർഡിയുടെ കീഴിൽ കാലിക്കട്ട് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അഗളി, ചേലക്കര, കോഴിക്കോട്, നാട്ടിക, താമരശേരി, വടക്കാഞ്ചേരി, വാഴക്കാട്, വട്ടംകുളം എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിൽ 2018-19 അധ്യയന വർഷം പി.ജി.കോഴ്സുകളിൽ കോളേജുകൾക്ക് അനുവദിച്ച 50 ശതമാനം സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷിക്കാം. അപേക്ഷാഫോറവും പ്രോസ്പെക്ടസും www.ihrd.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. (പിഎൻപി 1564/18)

**വായനദിന വാരാചരണത്തിന് തുടക്കമായി**

## സമൂഹ നിർമിതിക്ക് വായന അനിവാര്യം: പ്രഫ. കടമ്മനിട്ട വാസുദേവൻ പിള്ള

നന്മ പ്രദാനം ചെയ്യുന്ന പാരസ്പര്യത്തിന്റെ മഹാസമ്മേളനമാണ് പുസ്തകങ്ങളെന്നും ഇത്തരം പുസ്തകങ്ങളുടെ വായനയിലൂടെ മാത്രമേ സമൂഹ നിർമിതി സാധ്യമാവൂ എന്നും പടയണി ആചാര്യൻ പ്രഫ. കടമ്മനിട്ട വാസുദേവൻപിള്ള പറഞ്ഞു. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ലൈബ്രറി കൗൺസിലിന്റെയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും മറ്റ് വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാതല വായനദിന-വാരാഘോഷത്തിന്റെ ഉദ്ഘാടനം തിരുവല്ല എം ജി എം ഹയർ സെക്കന്ററി സ്കൂളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യന്റെ അകക്കണ്ണ് തുറക്കുന്നത് വായനയിലൂടെയാണ്. മനുഷ്യകുലത്തിന്റെ നിലനിൽപ്പിന് തന്നെ ആധാരമായ തത്വസംഹിതകൾ എല്ലാം നൽകിയ പുസ്തകങ്ങളെ അമ്മയുടെ സ്ഥാനത്ത് ആരാധിച്ചവരാണ് നമ്മൾ. വിവിധ മതസ്ഥരുടെ ഗ്രന്ഥങ്ങൾ ഇതിന് തെളിവാണ്. ബൈബിളും ഖുറാനും വേദങ്ങളുമെല്ലാം മനുഷ്യനെ നന്മയിലേക്കാണ് നയിച്ചത്. എഴുത്തും വായനയും അത്രയേറെ പരിചയപ്പെടുന്നതിന് മുൻപുള്ള നാടൻ ശീലുകളിൽ പോലും വായനയുടെ മഹാത്മ്യം വിളിച്ചോതുന്ന ഒട്ടേറെ വരികൾ കാണാമെന്നും വായനയെ നമ്മുടെ സമൂഹം എങ്ങനെയാണ് നോക്കികണ്ടിരുന്നത് എന്നതിനുള്ള സാക്ഷ്യങ്ങളാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.

ആധുനികതയുടെ ഈ കാലഘട്ടത്തിലും വായനയും പുസ്തകവും പരിപോഷിപ്പിക്കേണ്ടത് നാടിന്റെ വളർച്ചക്ക് ആവശ്യമാണെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി പറഞ്ഞു. നാടിനെ നയിക്കേണ്ട പുതുതലമുറ പോലും അവരുടെ വായന കേവലം ഫേസ്ബുക്കിലേക്കും വാട്സ് ആപ്പിലേക്കും ചുരുക്കിയെന്നും ഇതിന് മാറ്റം വരണമെന്നും വായനദിന സന്ദേശം നൽകിയ സാഹിത്യകാരൻ രവിവർമ തമ്പുരാൻ പറഞ്ഞു. നഗരസഭ കൗൺസിലർ എം പി ഗോപാലകൃഷ്ണൻ വായനാദിന പ്രതിജ്ഞ ചൊല്ലി.

വിദ്യാഭ്യാസ രംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ വിശിഷ്ട വ്യക്തിത്വങ്ങളായ പ്രഫ. ജി രാജശേഖരൻ നായർ, ടി എസ് പൊന്നമ്മ ടീച്ചർ എന്നിവരെ ആദരിച്ചു. സ്കൂളിലെ പത്താംതരം വിദ്യാർഥിനികളായ അനീറ്റ സച്ചു കുര്യൻ, എൻ. ശിൽപ ശ്യാം എന്നിവർ വായനാനുഭവം പങ്കുവച്ചു.

യോഗത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രഫ. ടി കെ ജി നായർ, സെക്രട്ടറി ആർ തുളസീധരൻ പിള്ള, എസ്എസ്എ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ. വിജയമോഹൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ, ജില്ലാ സാക്ഷരതാ മിഷൻ കോ ഓർഡിനേറ്റർ ഡോ. വി വി മാത്യു, കാൻഫെഡ് ജില്ലാ പ്രസിഡന്റ് എസ്. അമീർജാൻ, സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം കെ ആർ സുശീല, താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം തങ്കമണി നാണപ്പൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ പി എ ശാന്തമ്മ, എ ഇ ഒ പ്രസീന, പി ടി എ പ്രസിഡന്റ് പത്മകുമാർ, പ്രിൻസിപ്പൽ ഇൻചാർജ് റൂബി സി കുരുവിള, ഹെഡ്മിസ്ട്രസ് ജെസി എം. നൈനാൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി മണിലാൽ, ഐടിമിഷൻ കോ-ഓർഡിനേറ്റർ ഉഷാകുമാരി തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് പി ആർ ഡി നിർമിച്ച വായനയുടെ വളർത്തച്ഛൻ, വയലാർ രാമവർമ എന്നീ ഡോക്യുമെന്ററികളുടെ പ്രദർശനം നടന്നു. (പിഎൻപി 1565/18)

## പദ്ധതി തുക വിനിയോഗം വർദ്ധിപ്പിക്കണം - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ തുക വിനിയോഗത്തിൽ ജില്ല ഇപ്പോൾ ഒമ്പതാം സ്ഥാനത്തായതിനാൽ തുക വിനിയോഗം വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസി

ഡന്റ് അന്നപൂർണാദേവി പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക വർഷം തുടങ്ങി മൂന്ന് മാസമാകുമ്പോഴും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. ഇത് വലിയ വീഴ്ചയാണ്. സർക്കാരിന്റെ നിർദേശങ്ങൾ പാലിക്കാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിലപാട് അംഗീകരിക്കുവാൻ കഴിയില്ല. തുക വിനിയോഗം 100 ശതമാനം കൈവരിക്കുന്നതിനുള്ള അടിയന്തര പ്രവർത്തനങ്ങൾ ആവശ്യമാണ്. ജൂലൈയിൽ തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലയിലെ പദ്ധതി തുക വിനിയോഗം അവലോകനം ചെയ്യുന്നുണ്ട്. ഇതിന് മുമ്പ് 30 ശതമാനത്തിന് മുകളിൽ തുക ചെലവഴിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ശ്രദ്ധിക്കണം. ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചാൽ തുക വിനിയോഗത്തിൽ പുരോഗതിയുണ്ടാകും. കൃഷിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ ഉചിതമായ പദ്ധതികൾ തയാറാക്കി സംയുക്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പ്രസിഡന്റ് പറഞ്ഞു.

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെയും പന്തളം നഗരസഭയുടെയും ചിറ്റാർ, ഏഴംകുളം, എഴുമറ്റൂർ, മല്ലപ്പുഴശേരി, മെഴുവേലി, പള്ളിക്കൽ, പന്തളം തെക്കേക്കര, റാന്നി -അങ്ങാടി, തണ്ണിത്തോട്, വള്ളിക്കോട്, പ്രമാടം, പെരിങ്ങര, ആറന്മുള, കുളനട, കല്ലൂപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളുടെയും 2018-19 വർഷിക പദ്ധതി ഭേദഗതികൾക്ക് ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി.

യോഗത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ്, ആസൂത്രണ സമിതി അംഗങ്ങളായ എലിസബത്ത് അബു, ബി.സതികുമാരി, ആർ.ബി.രാജീവ് കുമാർ, വിനീതാ അനിൽ, ജില്ലാ പ്ലാനിംഗ് ഓഫീസർ സോമസുന്ദരലാൽ, തദ്ദേശഭരണ അധ്യക്ഷർ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1566/18)

## തദ്ദേശഭരണ സെക്രട്ടറിമാരുടെ വീഴ്ചകൊണ്ട് പദ്ധതികൾ വൈകിയാൽ കർശന നടപടി - ജില്ലാ കളക്ടർ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥരുടെയും വീഴ്ച മൂലം പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായാൽ ഇത്തരക്കാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. ആസൂത്രണ സമിതിയോഗത്തിൽ ഹാജരാകാതിരുന്ന പഞ്ചായത്ത് സെക്രട്ടറിമാർക്ക് മെമ്മോ നൽകി അവരുടെ വിശദീകരണം അടിയന്തരമായി വാങ്ങാൻ കളക്ടർ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നിർദേശം നൽകി. പദ്ധതി തുക വിനിയോഗത്തിൽ ജില്ല ഇപ്പോൾ സംസ്ഥാനത്ത് ഒൻപതാം സ്ഥാനത്താണ്. 7.96 ശതമാനം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിച്ച് മൂന്ന് മാസം ആകുമ്പോഴുള്ള ജില്ലയിലെ തുക വിനിയോഗം. മാർച്ച് 31ന് മുമ്പു തന്നെ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നുവെങ്കിലും പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. തുക വിനിയോഗത്തിൽ 15 ശതമാനത്തിന് മുകളിൽ പുരോഗതി കൈവരിച്ച തുമ്പമൺ, വെച്ചൂച്ചിറ, ചെന്നീർക്കര, കുന്നന്താനം എന്നീ പഞ്ചായത്തുകളെ കളക്ടർ പ്രത്യേകം അഭിനന്ദിച്ചു. ഇതുവരെ ഒരു രൂപ പോലും ചെലവഴിക്കാത്ത ഇലന്തൂർ ഗ്രാമപഞ്ചായത്ത്, 2.46 ശതമാനം തുക ചെലവഴിച്ച ആനിക്കാട് പഞ്ചായത്ത്, 3.16 ശതമാനം തുക ചെലവഴിച്ച മല്ലപ്പുഴശേരി പഞ്ചായത്ത്, 3.29 ശതമാനം തുക ചെലവഴിച്ച റാന്നി പെരുനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ

സെക്രട്ടറിമാരോട് കളക്ടർ വിശദീകരണം തേടി. പദ്ധതി തുക വിനിയോഗത്തിൽ പുരോഗതി കൈവരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ ജീവനക്കാരെ അഭിനന്ദിക്കുന്നതോടൊപ്പം നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും കളക്ടർ പറഞ്ഞു.

കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിച്ചാൽ അത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ജില്ലയുടെ സാമ്പത്തിക വളർച്ചയ്ക്കും കാരണമാകും. സംരംഭകരെ സഹായിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സംരംഭകത്വ ക്ലബുകൾ രൂപീകരിക്കണമെന്ന് സർക്കാർ നിർദേശമുണ്ട്. ഈ നിർദേശം എല്ലാ തദ്ദേശ സ്ഥാപനങ്ങളും പാലിക്കണം. കായിക വികസനത്തിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 18നും 45നും ഇടയിൽ പ്രായമുള്ളവരെ ഉൾപ്പെടുത്തി യൂത്ത് ക്ലബുകൾ രൂപീകരിക്കണമെന്നും സർക്കാർ നിർദേശമുണ്ട്. എന്നാൽ ജില്ലയിൽ അഞ്ച് പഞ്ചായത്തുകൾ മാത്രമാണ് ഇതുവരെ യൂത്ത് ക്ലബുകൾ രൂപീകരിച്ചിട്ടുള്ളത്. എല്ലാ പഞ്ചായത്തുകളും യൂത്ത് ക്ലബുകൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. പദ്ധതി തുക വിനിയോഗത്തിൽ ജില്ലയെ ഒന്നാം സ്ഥാനത്തെത്തിക്കുന്നതിന് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമം ഉണ്ടാകണമെന്നും കളക്ടർ പറഞ്ഞു.

വാട്ടർ അതോറിറ്റിയിൽ നിന്നും വൈദ്യുതി ബോർഡിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്നതിലെ കാലതാമസം മൂലം ഡിപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി തദ്ദേശഭരണ അധ്യക്ഷരും സെക്രട്ടറിമാരും യോഗത്തിൽ അറിയിച്ചു. ഇക്കാര്യത്തിൽ അടിയന്തരമായി വൈദ്യുതി ബോർഡിലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദേശങ്ങൾ നൽകുമെന്നും കളക്ടർ അറിയിച്ചു.

ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുകവിനിയോഗം ചുവടെ.

ജില്ലാ പഞ്ചായത്ത്- 6.95 ശതമാനം, ബ്ലോക്ക് പഞ്ചായത്തുകൾ: പുളിക്കീഴ്- 8.55, പന്തളം- 5.69, റാന്നി- 5.43, പറക്കോട്- 4.42, കോയിപ്രം- 3.87, കോന്നി- 3.77, ഇലന്തൂർ- 2.68, മല്ലപ്പള്ളി 1.45, നഗരസഭകൾ: പത്തനംതിട്ട - 16.54, തിരുവല്ല - 12.61, പന്തളം- 12.36, അടൂർ- 10.03, ഗ്രാമപഞ്ചായത്തുകൾ: തുമ്പമൺ-19.07, വെച്ചൂച്ചിറ- 18.06, ചെന്നീർക്കര- 17.90, കുന്നന്താനം- 15.34, കടപ്ര- 13.75, പന്തളം തെക്കേക്കര- 13.17, കവിയൂർ- 12.68, കല്ലൂപ്പാറ- 12.41, അയിരൂർ- 11.82, ഏഴംകുളം- 11.58, മലയാലപ്പുഴ-11.50, വള്ളിക്കോട്- 11.43, കോയിപ്രം- 11.38, പുറമറ്റം- 11.23, ഇരവിപേരൂർ 11.04, നെടുമ്പ്രം- 10.90, റാന്നി- 10.66, മെഴുവേലി- 10.15, റാന്നി പഴവങ്ങാടി-9.43, ചെറുകോൽ- 9.18, കലഞ്ഞൂർ- 8.84, ഓമല്ലൂർ- 8.82, റാന്നി അങ്ങാടി- 8.69, കുറ്റൂർ- 8.67, കടമ്പനാട്- 8.63, വടശേരിക്കര- 8.45, എഴുമറ്റൂർ- 8.38, ആറന്മുള- 7.98, കുളനട -7.51, കൊറ്റനാട്- 7.46, കോഴഞ്ചേരി- 7.45, നിരണം- 7.12, മൈലപ്ര- 6.74, അരുവാപ്പുലം- 6.57, നാറാണംമൂഴി- 6.06, കോന്നി- 5.77, ഏനാദിമംഗലം- 5.67, കൊടുമൺ- 5.51, ചിറ്റാർ- 5.07, പ്രമാടം-4.98, സീതത്തോട്-4.80, പള്ളിക്കൽ-4.71, നാരങ്ങാനം- 4.34, ഏറത്ത്- 4.23, കോട്ടാങ്ങൽ- 4.23, തണ്ണിത്തോട്-4.17, മല്ലപ്പള്ളി-3.97, പെരിങ്ങര -3.82, തോട്ടപ്പുഴശേരി-3.70, റാന്നി-പെരുനാട്-3.29, മല്ലപ്പുഴശേരി- 3.16, ആനിക്കാട്- 2.46, ഇലന്തൂർ- 0.

(പിഎൻപി 1567/18)

## മെഡിക്കൽ ക്യാമ്പ്

പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഭാരതീയ ചികിത്സാവകുപ്പും കൊടുമൺ ഗ്രാമപഞ്ചായത്തും ഗവ.ആയുർവേദ ആശുപത്രിയും സംയുക്തമായി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് ഇന്നും 23നും നടക്കും. ഇന്ന് (20) കൊടുൺ പഞ്ചായത്ത് ഹാളിലും23 ന് ഒറ്റത്തേക്ക് വിജ്ഞാനപ്രദായനി വായനശാലയിലുമാണ് നടക്കുക. രാവിലെ പത്ത് മുതൽ ഒരുമണി വരെയാണ് ക്യാമ്പ്. (പിഎൻപി 1568/18)

## പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രഹസനമാകരുത് : ജില്ലാകളക്ടർ

പരിസ്ഥിതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ പ്രഹസനമാകരുതെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ഹരിതകേരളമിഷന്റെ ഭാഗമായി സ്പെൻസ് ഡിസൈൻ ആൻഡ് മ്യൂസിക് തയ്യാറാക്കിയ 'ഇനി എത്ര നാളേക്കോ' എന്ന വീഡിയോ സിഡി കളക്ടറേറ്റിൽ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു കളക്ടർ. വികസനപ്രവർത്തനങ്ങൾ സമൂഹത്തിനാവശ്യമാണ്. എന്നാൽ അത് പ്രകൃതിക്ക് കോട്ടം വരുത്തുന്ന രീതിയിലാകരുതെന്ന് ജില്ലാകളക്ടർ ഓർമിപ്പിച്ചു. നമുക്ക് ജീവിതത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട കാര്യം ചെയ്യുന്നതുപോലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുക്കണം. ശുചിത്വ-മാലിന്യ പരിപാടികൾ ഉൾപ്പെടെയുള്ളവ ദീർഘകാല ലക്ഷ്യം മുൻനിർത്തി നടപ്പാക്കണം. പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം വലിയ വിപത്തിലേക്ക് നയിക്കുമെന്നും, പൈതൃകമായി നമുക്ക് പകർന്ന് കിട്ടിയ പ്രകൃതി വിഭവങ്ങളൊക്കെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിലൂടെ നീർത്തട വികസന കാഴ്ചപ്പാടിലുള്ള വികസനം ജില്ലയ്ക്ക് പ്രദാനം ചെയ്യുമെന്നും പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ കൂടിയായ കളക്ടർ പറഞ്ഞു.

ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാരുൾപ്പെട്ട യുവജന കൂട്ടായ്മയിൽ നിർമ്മിച്ച വിഡിയോ സി.ഡിയുടെ രചനയും സംഗീതവും സംവിധാനവും നിർവഹിച്ചിരിക്കുന്നത് സോനു ഗോപിനാഥാണ്. ശ്രേയജയദീപാണ് പാടിയിരിക്കുന്നത്. ഹരിതകേരള മിഷന്റെ പ്രചാരണത്തിന്റെ ഭാഗമായി അങ്കണവാടികളിലും സ്കൂളുകളിലും കോളേജുകളിലും മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള സന്ദേശമെത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഹരിതകേരളമിഷൻ ജില്ലാകോർഡിനേറ്റർ ആർ.രാജേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജി.കൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തി. പടയണി കലാകാരൻ അശോക് കുമാർ, സോനു ഗോപിനാഥ്, രതീഷ് ഓമല്ലൂർ, തവസ് കണ്ണൻ, അനീഷ് ഇലന്തൂർ, സുജിത്ത് എം.ബി, പ്രഹ്ളാദ് ഇളകൊള്ളൂർ എന്നിവർ സംസാരിച്ചു.

(പിഎൻപി 1569/18)

## പനി: 502 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (19) 502 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 11 പേരിൽ ഏഴ് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ രണ്ട് പേരി ൽ ഒരാൾക്ക് എലിപ്പനി സ്ഥിരീകരിച്ചു. രണ്ട് പേർക്ക് ചിക്കൻപോക്സും ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് എയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 71 പേർ ചികിത്സ തേടി. വല്ലന, മെഴുവേലി, കാഞ്ഞീറ്റുകര, മല്ലപ്പുഴശേരി, തെള്ളിയൂർ എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. എലിപ്പനി അടൂരിലാണ് സ്ഥിരീകരിച്ചിട്ടുള്ളത്.

(പിഎൻപി 1570/18)

## ആരോഗ്യ ബോധവത്ക്കരണ ക്ലാസും ഡോക്യുമെന്ററി പ്രദർശനവും നടത്തി

ജില്ലാ മെഡിക്കൽ ഓഫീസിന്റെയും വല്ലന സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നാൽക്കാലിക്കൽ എസ്.വി.ജി.എച്ച്.എസ്.എസിൽ വിദ്യാർഥികൾക്കായി ബോധവത്ക്കരണ ക്ലാസും ഡങ്കിപ്പനിയെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനവും നടന്നു. ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ എ.സുനിൽ കുമാർ, റ്റി.കെ.അശോക് കുമാർ എന്നിവർ ക്ലാസുകൾ നയിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് പി.ആർ.ശ്യാമളയമ്മ, ഹെൽത്ത് ക്ലബ് കോ-ഓർഡിനേറ്റർ എസ്.വിജയലക്ഷ്മി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശോഭ എന്നിവർ സംസാരിച്ചു. (പിഎൻപി 1571/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാതല വായനദിന-വാരാഘോഷത്തിന്റെ ഉദ്ഘാടനം തിരുവല്ല എം ജി എം ഹയർ സെക്കന്ററി സ്കൂളിൽ പടയണി ആചാര്യൻ പ്രഫ. കടമ്മനിട്ട വാസുദേവൻപിള്ള നിർവഹിക്കുന്നു.
2) ജില്ലാതല വായനവാരാഘോഷത്തോടനുബന്ധിച്ച് പ്രൊഫ.ജി.രാജശേഖരൻ നായരെ പ്രൊഫ.കടമ്മനിട്ട വാസുദേവൻപിള്ള ആദരിക്കുന്നു.
3) ഹരിതകേരളമിഷന്റെ ഭാഗമായി സ്പെൻസ് ഡിസൈൻ ആൻഡ് മ്യൂസിക് തയ്യാറാക്കിയ 'ഇനി എത്ര നാളേക്കോ' എന്ന വീഡിയോ സിഡി കളക്ടറേറ്റിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് പ്രകാശനം ചെയ്ത് സംസാരിക്കുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്